# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1679 04.12.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കായികവികസനത്തിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും നടപടി

| | ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കായികവികസന മാർഗരേഖ സംബന്ധിച്ച 03.04.2017-ലെ സ.ഉ (എം.എസ്) നം.80/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭാവി പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | തദ്ദേശഭരണസ്ഥാപനങ്ങളിലെ കായിക വികസനം മുൻനിർത്തി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 3.4.2017 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ 80/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവായി നൽകിയിട്ടുണ്ടായിരുന്നു. ഇതു പ്രകാരം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്ത് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച വരുന്നു. 2018-19 വർഷത്തിലും ഈ പ്രവർത്തനങ്ങൾ തുടരുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 14.02.2018 ലെ സ.ഉ(കൈ)നമ്പർ 22/2018/തസ്വഭവ നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഗ്രാമപഞ്ചായത്തുകളിലെ പൊതു ആസ്തിയിൽപ്പെടുന്ന ജലാശയങ്ങൾ (കുളം, തോട്, ചതുപ്പ്, കനാൽ മുതലായവ) സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; | (ബി) | 14.02.2018 ലെ സ,ഉ(കൈ)നം. 22/2018/തസ്വഭവ പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ തോടിന്റെ ഇരുകരകളും കയർ ഭൂവസ്ത്രം കൊണ്ട് മണ്ണൊലിപ്പ് തടയുന്നതിനും, എക്കലും ചെളിയും വീണ്ടും ജലാശയത്തിലേക്ക് പോകാതെ ജൈവ |

| | | | |
|---|---|---|---|
| | | | വളമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആസ്തികളുടെ സംരക്ഷണത്തിനായി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ MGNREGA പദ്ധതി, ഹരിത കേരള മിഷൻ എന്നിവയിൽ ഉൾപ്പെടുത്തി, പൊതു ആസ്തിയിൽ ഉൾപ്പെടുന്ന ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രളയദുരന്തത്തിൽ കേടുപാടുകൾ സംഭവിച്ച ഈ പൊതു ആസ്തികൾ സംരക്ഷിക്കാൻ മറ്റ് വകുപ്പുകളുടെ സഹായങ്ങൾ ലഭ്യമാകുന്നുണ്ടോ; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ